പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4733 — 29/6/2012- ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അറവുശാലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അറവുശാലകൾ ആധുനികവൽക്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരു ശുചിത്വ പദ്ധതി തയ്യാറാക്കണമെന്നും അതിൽ വൃത്തിയും വെടിപ്പുമുള്ള അറവുശാലകൾ സ്ഥാപിക്കണമെന്നും 11-ാം പദ്ധതിയുടെ മാർഗ്ഗ രേഖയിൽ സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ആവശ്യങ്ങൾക്കുതകുന്ന തരത്തിലുള്ള ചെറുതും വലുതുമായ അറവുശാലകൾ സ്ഥാപിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനും ശുചിത്വ മിഷനെ നോഡൽ ഏജൻസിയായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടികൾ വീക്ഷിക്കുന്നതിനും അവയുടെ പുരോഗതി വിലയിരുത്തുന്നതിനും നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അംഗങ്ങളായും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അനുയോജ്യമായ രണ്ട് മോഡലുകൾ തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി പദ്ധതി തയ്യാറാക്കിച്ച് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി ലഭ്യമാക്കാനും നടപടി എടുത്തിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിൽ അറവുശാല നിർമ്മാണ |

ത്തിനുവേണ്ടി ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള അറവു ശാലകളുടെ ആധുനികവൽക്കരണത്തിനു വേണ്ടി 50% കേന്ദ്ര ഫണ്ടുൾപ്പെടെ 1500 ലക്ഷം രൂപ 2012–13 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) എല്ലാ പഞ്ചായത്തുകളിലും അറവു ശാലകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; അനധികൃത അറവുശാലകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) അനധികൃത അറവുശാലകൾ ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയ അറവുശാലകൾ സ്ഥാപിക്കുന്നതിനും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2012–13 സാമ്പത്തികവർഷത്തിൽ അറവുശാല നിർമ്മാണത്തിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിനും അതിലൂടെ അനധികൃത അറവുശാലകൾ നിയന്ത്രിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല സ്ഥാപിക്കുന്നതിന് പൊതു ജനങ്ങളുടെ എതിർപ്പും സ്ഥലത്തിന്റെ അപര്യാപ്തതയും നേരിടുന്നുണ്ടെങ്കിലും വരും വർഷങ്ങളിൽ പദ്ധതിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകളിലും അറവുശാലകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ ലൈസൻസ് ഇല്ലാത്ത അറവുശാലകൾ അടച്ചുപൂട്ടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ